Page 1 of 1

എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിലേയ്ക്കും 2 എച്ച്.എസ്.എസ്.റ്റി. തസ്തികകളിലേയ്ക്കും നിയമന ഉത്തരവ് നൽകുകയും ചെയ്തു. 24-6-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 61/2017/ പൊ.വി.വ പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 94 എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഒഴിവുകളും 33 എച്ച്.എസ്.എസ്.റ്റി. ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ല.

(ബി) നിലവിൽ ലിസ്റ്റ് ഇല്ലാത്ത തസ്തികകളിലും ഒഴിവുണ്ടാകുന്നമുറയ്ക്ക് പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

**പൊതുവിദ്യാഭ്യാസം**

201 (1190) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായും വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ആണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ' പദ്ധതിയുടെ ഭാഗമായി ചിറക്കര ഗവൺമെന്റ് എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായം ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തലശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ മൂന്നാം സ്കീമിൽപ്പെട്ട എൽ.പി./യു.പി. ക്ലാസ്സുകളുടെ കാലോചിതമായ വികസനം ഉറപ്പാക്കുന്ന പദ്ധതിയിൽ ജി.യു.പി.എസ്-നെ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടകളം യു.പി.എസ്. എരഞ്ഞോളി, ജി.എൽ.പി.എസ്. പുല്യോട്, ഡി.ഐ.യു.പി. പരാൽ, ബാവന്തി പറമ്പ, എൽ.പി.എസ്. ചമ്പാട്, ഒളവിലം യു.പി.എസ്., പള്ളപ്രം, എൽ.പി.എസ്. ന്യൂമാഹി എരിഞ്ഞോളി നോർത്ത് എൽ.പി .സ്കൂൾ എന്നീ സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ പാർക്കുകൾ അനുവദിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനായി തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന കർമ്മ പദ്ധതിയിലും തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൽകിയ പരിശീലന പരിപാടികളുടെ പ്രയോജനം തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly